അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നതിനും, കൃഷിയെ സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും സഹായകരമായിരിക്കും.

(ഡി) സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. കൃഷിഭവനിൽ ലഭ്യമായ അപേക്ഷ കർഷകൻ പൂരിപ്പിച്ച് കൃഷി ഭവനിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ച് അപേക്ഷയിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുകയും ചെയ്യുന്നു.

കർഷക സൊസൈറ്റികൾക്ക് നീര ഉല്പാദനത്തിനായി യഥാസമയം ഫണ്ട് ലഭ്യമാക്കൽ

248 (1688) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക സൊസൈറ്റികളെ അവഗണിച്ച് കൃഷി വകുപ്പ് നീര പദ്ധതി അട്ടിമറിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കർഷക സൊസൈറ്റികൾക്ക് നീര ഉൽപാദനവുമായി ബന്ധപ്പെട്ട് നൽകേണ്ട ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിലൂടെ തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണസംഘങ്ങളെ സഹായിക്കുന്നതിനുള്ള നടപടികളാണ് കൃഷി വകുപ്പിൽ സ്വീകരിച്ചുവരുന്നത്.

(ബി) കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തിക്കൊണ്ട് ജി.ഒ.(എംഎസ്.) നമ്പർ 66/2014/നികുതി വകുപ്പ്, തീയതി 13-5-2014 പ്രകാരം 'നാളീകേര നീര ബോർഡ്' രൂപീകരിക്കുകയും തുടർന്ന് നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷൻ പ്ലാൻ രൂപീകരിച്ച് വരുകയും ചെയ്യുന്നു. 18-11-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2051/2014/കൃഷി പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രിചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ്, അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ മാനേജർ എന്നിവരും കാർഷിക സർവ്വകലാശാലയിലെ മൂന്നു ശാസ്ത്രജ്ഞരും കമ്മിറ്റിയിലെ അംഗങ്ങളാണ്. ഇതുവരെ ലഭിച്ച അപേക്ഷകൾ 4-12-2014 തീയതിയിലെ കമ്മിറ്റി യോഗത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

കർഷക കടാശ്വാസ കമ്മീഷൻ

249 (1689) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാർഷിക മേഖലയെ സഹായിക്കുന്നതിൽ കർഷക കടാശ്വാസ കമ്മീഷൻ വലിയ പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷക ആത്മഹത്യകൾ കുറയുന്നതിനും, കൃഷി ശക്തിപ്പെടുത്തുന്നതിനും കർഷക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തണമെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ നൂതന പദ്ധതികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. 2007-ൽ രൂപീകരിച്ച കമ്മീഷന്റെ കാലാവധി 18-3-2012-ൽ അവസാനിച്ചതിനെ തുടർന്ന് 19-5-2012-ലെ ജി.ഒ.(പി) നമ്പർ 210/2012/RD നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. ആർ. ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽവന്ന 18-1-2007-നോ അതിനുമുമ്പോ കർഷകനിൽനിന്ന് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly